ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണൻ

(എ) സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) തകഴി ശിവശങ്കരപ്പിള്ള താമസിച്ചിരുന്ന കെട്ടിടം ഏറ്റെടുത്തു മ്യൂസിയം ആക്കുമെന്നും അദ്ദേഹത്തിന്റെ സ്മരണയ്ക്കായി സ്മൃതിമണ്ഡപം പണിയുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പ്രത്യേകിച്ച് തുകയൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) തകഴിയുടെ ഭവനം ഏറ്റെടുത്തു മ്യൂസിയമാക്കുന്ന പണി പൂർത്തിയായി ഉൽഘാടനം നിർവഹിച്ചു കഴിഞ്ഞു. സ്മൃതി മണ്ഡപത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ബസ് യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

11 (*132) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. വർഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ബസുകളിലെയും സ്വകാര്യ ബസുകളിലെയും യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) കെ. എസ്. ആർ. ടി. സി. ബസുകളിലും സ്വകാര്യ ബസുകളിലും വനിതകൾക്കും വികലാംഗർക്കും എത്ര ശതമാനം സീറ്റുകൾ വീതമാണ് സംവരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ബസുകളിലും സ്വകാര്യ ബസുകളിലും സൗജന്യ യാത്ര നിയമപരമായി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് സൗജന്യയാത്ര അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ മുതിർന്ന പൗരൻമാർ, മാറാവ്യാധികൾ പിടിപെട്ടു ചികിത്സയിൽ കഴിയുന്നവർ എന്നിവർക്ക് കെ. എസ്. ആർ. ടി. സി. ബസുകളിലും സ്വകാര്യ ബസുകളിലും സൗജന്യ നിരക്കിൽ യാത്രാ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്ത് വനിതകൾ, വികലാംഗർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള യാത്രാ സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനം നിലവിലില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു)

(എ) ഉണ്ട്.

(ബി) ഉണ്ട്. പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ ഒരു കരട് വിജ്ഞാപനം 21-9-2000 -ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കെ. എസ്. ആർ. ടി. സി. യുടെ സിറ്റി, ഓർഡിനറി, ഫ്രസ്വദൂര ഫാസ്റ്റ് പാസഞ്ചർ ബസുകളിലും, സ്വകാര്യ ബസുകളിലും പാസഞ്ചർ കപ്പാസിറ്റിയുടെ 25% സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. റിസർവേഷൻ ഇല്ലാത്ത ദീർഘദൂര ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഡീലക്സ് എന്നീ സർവീസുകളിലും 25% സീറ്റുകൾ മുൻഗണനാ ക്രമത്തിൽ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. വികലാംഗർക്ക് കണ്ടക്ടറുടെ സീറ്റിന് തൊട്ട് മുൻപിലായി 2 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. സ്വാതന്ത്ര്യ സമരസേനാനികൾ, ഏഷ്യാഡ് ഗോൾഡ് വിന്നേഴ്സ്, ദ്രോണാചാര്യ അർജുന അവാർഡ് ജേതാക്കൾ, എം. എൽ. എ. മാർ, മുൻ എം. എൽ. എ. മാർ, എം. പി. മാർ, മുൻ ട്രാൻസ്പോർട്ട് മന്ത്രിമാർ, കെ. എസ്. ആർ. ടി. സി നോൺ ഒഫീഷ്യൽ മുൻ ഡയറക്ടർ ബോർഡ് അംഗങ്ങൾ, പത്രപ്രവർത്തകർ എന്നിവർക്ക് കെ. എസ്. ആർ. ടി. സി.യുടെ എല്ലാ ബസുകളിലും അന്ധന്മാർക്ക് കെ. എസ്. ആർ. ടി. സി.പാസഞ്ചർ വരെയുള്ള ബസുകളിലും, കെ. എസ്. ആർ. ടി. സി.യിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞവർക്ക് ഓർഡിനറി ബസുകളിലും യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ടിക്കറ്റിന്റെ 75% നിരക്കിലും സൗജന്യം നൽകി വരുന്നുണ്ട്. വികലാംഗർക്ക് യാത്രാ നിരക്കിന്റെ 70% സൗജന്യം ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവീസുകളിലും ബധിര-മൂകർക്ക് യാത്രാ നിരക്കിന്റെ 50% സൗജന്യം ഓർഡിനറി സിറ്റി സർവീസുകളിലും നൽകി വരുന്നു. ഈ ഇളവുകൾ സ്വകാര്യ ബസുകളിലും നൽകി വരുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) വനിതകൾ, വികലാംഗർ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങൾക്കുള്ള യാത്രാ സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. സ്വകാര്യ ബസുകളിൽ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. കെ. എസ്. ആർ. ടി. സി. ബസുകളിലും ഇക്കാര്യത്തിൽ ഉണ്ടാകുന്ന പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

നദികളുടെ സംരക്ഷണത്തിന് നടപടി

12 (*133) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നദികളുടെ സംരക്ഷണത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നദികളുടെ സംരക്ഷണത്തിനു വേണ്ടി ഒരു റിവർ മാനേജ്മെന്റ് സ്റ്റഡി ഗ്രൂപ്പിന് രൂപം നൽകാൻ ആലോചിക്കുമോ ;

(സി) നദികളിൽ നിന്നും അനധികൃതമായി മണൽവാരൽ നടത്തുന്നത് നിരോധിക്കാൻ സർക്കാർ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) അനധികൃത മണൽവാരൽ മൂലം പാലങ്ങൾക്ക് ബലക്ഷയം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) മണൽവാരൽ മൂലം നദികളുടെ ആഴം കുറയുകയും വെള്ളം കുറയുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) നദികളുടെ സംരക്ഷണത്തിനുവേണ്ടി ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ&ബി) നദികളിൽ നിന്ന് അനധികൃതമായും അനിയന്ത്രിതമായും മണൽ വാരുന്നതുമൂലം പരിസ്ഥിതിക്കും നദികളുടെയും നദീതീരങ്ങളുടെയും സന്തുലനാവസ്ഥയ്ക്കും ഹാനി സംഭവിക്കുന്നതിനാൽ കേരളത്തിലെ പ്രധാനപ്പെട്ട ഒൻപതു നദികൾ ഏറ്റെടുക്കുകയും സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടു വരികയും ചെയ്തു. പിന്നീട് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സർക്കാർ സർക്കുലർ നമ്പർ 66221/പി1/97/റവന്യൂ തീയതി 5-1-1998 പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ കേരളത്തിലെ നദികളുടെ മൊത്തം സംരക്ഷണകാര്യങ്ങൾ പഠിക്കുവാൻ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ കൺവീനറായി ഒരു സ്ഥിരം കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി നദികളെപ്പറ്റി പഠിക്കുകയും കാലാകാലങ്ങളിൽ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly